LIBRARY ARCHIVES Kerala Legislative Assembly

തീരസംരക്ഷണത്തിനായി ഹൈഡ്രോളിക് മോഡൽ പഠനം

188(494) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് മണ്ഡലത്തിലെ അരിയല്ലൂർ ബീച്ചിൽ തീര സംരക്ഷണ പ്രവൃത്തി ഡിസൈൻ ചെയ്യുന്നതിനുള്ള ഹൈഡ്രോളിക് മോഡൽ പഠനം നടത്തുന്നതിനുള്ള ഫണ്ട് അനുവദിച്ചു നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

വള്ളിക്കുന്ന് മണ്ഡലത്തിലെ അരിയല്ലൂർ ബീച്ചിൽ തീരസംരക്ഷണ പ്രവൃത്തി ഡിസൈൻ ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള ഹൈഡ്രോളിക് മോഡൽ പഠനം നടത്തുന്നതിന് 17-12-2020-ലെ സ.ഉ.(സാധാ) 767/2020/ജ.വി.വ. നമ്പർ ഉത്തരവ് പ്രകാരം 9.30 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ടി വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) ഹൈഡ്രോളിക് മോഡൽ പഠനം പൂർത്തിയാകുന്ന മുറയ്ക്ക് സ്വീകരിക്കേണ്ട തുടർ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

CWPRS-ന്റെ റിപ്പോർട്ടും ഡിസൈനും ലഭ്യമായശേഷം DPR തയ്യാറാക്കി സമർപ്പിക്കുന്ന മുറയ്ക്ക് ഭരണാനുമതി നൽകി പണിതുടങ്ങുവാനാണ് ഉദ്ദേശിക്കുന്നത്.

കുട്ടനാട്ടിലെ ഇറിഗേഷൻ പദ്ധതികൾ

189(495) ശ്രീ തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ ഇറിഗേഷൻ പദ്ധതികൾ കാലതാമസം കൂടാതെ നടപ്പാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

കുട്ടനാട്ടിൽ പ്ലാൻ, NABARD, SDRF എന്നീ പദ്ധതികളിൽപ്പെടുത്തിയുള്ള ഇറിഗേഷൻ പ്രവൃത്തികളാണ് ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നത്. ആയതിന്റെ പുരോഗതി നിർവ്വഹണ ഉദ്യോഗസ്ഥർ സൂക്ഷ്മമായി നിരീക്ഷിക്കുകയും പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നിർദ്ദേശം നൽകുകയും ചെയ്യുന്നു. കൂടാതെ പ്രാദേശിക തലത്തിൽ പ്രവൃത്തി നിർവ്വഹണവുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന പ്രശ്നങ്ങളിൽ ഇടപെട്ട് പരിഹരിച്ച് മുന്നോട്ട് പോകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുമുണ്ട്.

(ബി) നിലവിൽ കുട്ടനാട്ടിൽ നടപ്പാക്കി വരുന്ന ഇറിഗേഷൻ പദ്ധതികളുടെ പ്രവർത്തന പുരോഗതി എന്തെന്ന് വ്യക്തമാക്കുമോ?